## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6558 12.07.2012 ൽ മറുപടിയ്ക്ക്

### വൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ടാസ്ക്ഫോഴ്സ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. എം. എ. വാഹീദ്<br>ശ്രീ. പി.എ. മാധവൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര വൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ; | (എ) കേന്ദ്ര വൈദ്യുത പദ്ധതികളായ ആർ.ജി.ജി.വി.വൈ.യും ആർ.എ.പി.ഡി.ആർ.പി.യും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു വേണ്ടി സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി, ഡിസ്ട്രിക്റ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി, ഡിസ്ട്രിബ്യൂഷൻ റീഫോംസ് കമ്മിറ്റി തുടങ്ങി വിവിധ തലത്തിലുള്ള കമ്മിറ്റികൾ രൂപീകരിച്ച് അവലോകന യോഗങ്ങൾ നടത്തി പദ്ധതി പ്രവൃത്തികൾ സമയബന്ധിതമായിപൂർത്തീകരിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. |

(...2)

| | |
|---|---|
| (ബി) ഇതിനായി കെ.എസ്.ഇ.ബി.യുടെ ടാസ്ക്ഫോഴ്സ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (ബി) & (സി) പദ്ധതിയുടെ കാര്യക്ഷമമായ നിർവ്വഹണത്തിനും, സമയബന്ധിതമായ പൂർത്തീകരണത്തിനുമായി കെ.എസ്.ഇ.ബി.യുടെ ടാസ്ക്ഫോഴ്സ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ട്. |
| (സി) എങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത ടാസ്ക്ഫോഴ്സിനെ ഏൽപ്പിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ